ലൈക് പേജ്

ബഷീർ തൃപ്പനച്ചി

basheerudheentp@gmail.com

പ് സ്വർഗത്തിൽ നമ്മുടെ ആദ്യ പിതാവ് ആദം നബി കഴിച്ച വിലക്കപ്പെട്ട ആ പഴത്തിന്റെ ബാക്കി ലോകത്തെവിടെയോ ഉണ്ടെന്ന് കേട്ടിട്ടു്. മനുഷ്യ ചരിത്രത്തോളം പഴക്കമുള്ള ആ പഴശേഷിപ്പടക്കം തിരുശേഷിപ്പിന്റെ ശേഖരത്തിലെത്തിക്കണമെന്നാണ് നമ്മുടെയാഗ്രഹം.

# 'തിരുശേഷിപ്പി'നായി ഉഴിഞ്ഞുവെച്ച ജീവിതം

അങ്ങനെ നിങ്ങളുടെയെല്ലാം ആശീർവാദത്തോടെ മുത്തുനബി വെള്ളം കുടിക്കാൻ ഉപയോഗിച്ചിരുന്ന ഈ പാനപാത്രം ഞാൻ ഏറ്റുവാങ്ങുകയാണ്. പ്രവാചക സ്നേഹികളേ ആനന്ദിക്കുവീൻ, ഇനിയുമൊട്ടേറെ തിരുശേഷിപ്പുകൾ നിങ്ങളെ കാത്തിരിക്കുന്നു. നിങ്ങളുടെ കൂടി ഉദാരമായ പിന്തുണയുണ്ടെങ്കിൽ അവയെല്ലാം നാം കേരളത്തിലെത്തിക്കുക തന്നെ ചെയ്യും. നിങ്ങളീ മുഴക്കുന്ന തക്ബീറുകൾ സാക്ഷി, പ്രവാചകനോടുള്ള നമ്മുടെ മുഹബ്ബത്താണ സത്യം. ആ തിരുശേഷിപ്പുകൾ എത്തിപ്പിടിക്കാനുള്ള പരിശ്രമങ്ങൾക്കായി എന്റെ ശേഷിച്ച ജീവിതം ഞാൻ ഉഴിഞ്ഞുവെക്കുന്നു. പണ്ട് സ്വർഗത്തിൽ നമ്മുടെ ആദ്യ പിതാവ് ആദം നബി കഴിച്ച വിലക്കപ്പെട്ട ആ പഴത്തിന്റെ ബാക്കി ലോകത്തെവിടെയോ ഉണ്ടെന്ന് കേട്ടിട്ടുണ്ട്. മനുഷ്യ ചരിത്രത്തോളം പഴക്കമുള്ള ആ പഴശേഷിപ്പടക്കം തിരുശേഷിപ്പിന്റെ ശേഖരത്തിലെത്തിക്കണമെന്നാണ് നമ്മുടെയാഗ്രഹം. അതോടെ മാത്രമേ ആസാറുകൾ തേടി ലോകം ചുറ്റിയുള്ള നമ്മുടെ സിയാറത്ത് ടൂറിന് അവസാനമാകൂ. ഹുബ്ബുർറസൂലിന്റെ മഹത്വമറിയാത്ത ചില പുത്തൻ വാദികളുണ്ട്. അവരോട് രണ്ട് വാക്ക്: 'നിങ്ങൾക്ക് ആസാറുകളുടെ ബർകത്തുകളിൽ വിശ്വാസമില്ലെങ്കിൽ വിശ്വസിക്കേണ്ട. അനേകായിരങ്ങൾ ഒരു തെളിവും ആവശ്യപ്പെടാതെ കണ്ണുമടച്ച് വിശ്വസിക്കാനിവിടെ ക്യൂ നിൽപ്പുണ്ട്. ഇതാ ഈ ഉയരുന്ന തക്ബീറുകൾ അതിന് സാക്ഷി. ഇവരുടെ വിശ്വാസത്തെ ചോദ്യം ചെയ്യാനോ അവരിൽ ആശയക്കുഴപ്പമുണ്ടാക്കാനോ നിങ്ങൾക്കെന്ത് അധികാരം? വിശ്വാസത്തിന്റെ കാര്യത്തിൽ ഒരു രാഷ്ട്രീയക്കാരനും അഭിപ്രായം പറയാതിരിക്കുകയാണ് അവർക്കും നമുക്കും നല്ലതെന്ന് കൂടി കൂട്ടത്തിൽ പറയട്ടെ.



അസൂയാലുക്കളായ ചില അഹ്‌ലുസ്സുന്നത്തുകാരുണ്ട്. അവരോട് ഒന്നേ പറയാനുള്ളൂ, കിട്ടാത്ത മുന്തിരിക്ക് അൽപ്പം പുളി കൂടും. ആ പുളി മധുരമാക്കാൻ നിങ്ങൾക്കും അവസരമുണ്ട്. എത്രയോ ശേഷിപ്പുകൾ ഇനിയും നമ്മുടെ ഗൾഫ് ശൈഖിന്റെ ഖജനാവിലുണ്ട്. കേശവും പാത്രവും ചട്ടിയും കലവും മാത്രമല്ല പഴയ ഓലപ്പായയും വാളും പടയങ്കിയുമൊക്കെയുണ്ട്. ശേഷിയുണ്ടെങ്കിൽ ആ തിരുശേഷിപ്പുകളിൽ നിന്ന് ചിലത് നിങ്ങൾക്കും സ്വന്തമാക്കാം. നമ്മുടെ ശൈഖ് വളരെ ഉദാരവാനാണ്. ആവശ്യമറിഞ്ഞ് അദ്ദേഹത്തിന്റെ വാതിലിൽ മുട്ടിയാൽ നിങ്ങളും അനുഗ്രഹിക്കപ്പെടും. പക്ഷേ, ഒടുക്കത്തെ ആ സനദ് ചോദിക്കാനാണ് ഭാവമെങ്കിൽ ഇതൊന്നും നടപ്പില്ലെന്ന് മാത്രം ഓർമിപ്പിക്കട്ടെ. ഇത്രയും കാലം ഈ തിരുശേഷിപ്പുകൾ കേടുപാടുകൾ വരാതെയും നശിക്കാതെയും സൂക്ഷിച്ച് വെക്കാൻ പെട്ടപാട് അതനുഭവിച്ചവർക്കേ അറിയൂ. ആ ചരിത്ര ദൗത്യത്തിനിടയിൽ 1500 വർഷം പഴക്കമുള്ള നിങ്ങളിപ്പറയുന്ന സനദ് സൂക്ഷിച്ച് വെക്കാൻ അവർക്ക് സാധിച്ചില്ലെങ്കിൽ, മുത്തുനബിയോടുള്ള മുഹബ്ബത്തിന്റെ പേരിൽ നമുക്കത് പൊറുക്കാവുന്നതേയുള്ളൂ. അതല്ല സനദ് കൂടിയേ തീരുവെങ്കിൽ തൽക്കാലം ഒരു കോപ്പി നമ്മൾ സംഘടിപ്പിച്ചു വെച്ചിട്ടുണ്ട്. അത് ഇവിടെ വന്നാൽ പകർത്തി എഴുതാവുന്നതാണ്. ഇപ്പോൾ ലഭിച്ചതും ഇനി ലഭിക്കാനിരിക്കുന്നതുമായ മുഴുവൻ തിരുശേഷിപ്പുകളുടെയും കൈമാറ്റ പ്രക്രിയയുടെ അടിയാധാരമാണത്. നമ്മുടെയൊപ്പമുള്ള തലമുതിർന്നതും ഇളമുറക്കാരുമായ സകലരും അറിയാൻ വേണ്ടി കൂടിയാണ് ഞാനിത്രയും പറഞ്ഞത്. അതുകൊണ്ട് എല്ലാവരോടുമായി അവസാനമായി ഒന്നുകൂടി പറയട്ടെ, നിങ്ങൾക്ക് വിശ്വാസമുണ്ടോ വിശ്വസിപ്പിൻ. അല്ലാത്തവർ ചുരുങ്ങിയത് മിണ്ടാതെയെങ്കിലും ഇരിപ്പിൻ. ▪